**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1393** **18-01-2021 - ൽ മറുപടിയ്ക്ക്**

**മലപ്പുറത്തെ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം | | Shri E. Chandrasekharan<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ (എഫ്.ആർ.ഡബ്ല്യു.) ഉൾപ്പെടുത്തി മലപ്പുറം ജില്ലയിലെ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് ആകെ എത്ര രൂപ, എത്ര റോഡുകൾക്ക് അനുവദിച്ചുവെന്ന് നിയോജകമണ്ഡലം തിരിച്ച് അറിയിക്കാമോ; | (എ) | വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡ പ്രകാരം റോഡ് പുനരുദ്ധാരണ പ്രവൃത്തികൾക്ക് നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഭരണാനുമതിയോ ഫണ്ടോ അനുവദിക്കാറില്ല. |
| (ബി) | ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി കൊണ്ടോട്ടി നിയോജക മണ്ഡലത്തിലെ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തിക്ക് ഫണ്ടനുവദിച്ച ഉത്തരവുകളുടെ പകർപ്പുകൾ നൽകാമോ; | (ബി) | വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡ പ്രകാരം റോഡ് പുനരുദ്ധാരണ പ്രവൃത്തികൾക്ക് നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഭരണാനുമതിയോ ഫണ്ടോ അനുവദിക്കാറില്ല. |
| (സി) | എഫ്.ആർ.ഡബ്ല്യു. പ്രവൃത്തികളുടെ എക്സിക്യൂട്ടീവ് അനുമതിക്ക് വേണ്ടി മലപ്പുറം ജില്ലാ കളക്ടർക്ക് സമർപ്പിക്കപ്പെടുന്ന എസ്റ്റിമേറ്റുകൾക്ക് അനുമതി നൽകുന്നതിന് കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം അറിയിക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ